## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 911 — 30.06.2015 -ലെ മറുപടിക്ക്.

### തൊഴിലാളി ക്ഷേമപെൻഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.കെ.ബാലൻ :** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നവരുടെ എണ്ണം എത്രയാണ് ; ക്ഷേമനിധി ബോർഡ് തിരിച്ചുള്ള എണ്ണം വിശദമാക്കുമോ ; | (എ)അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ വന്നതിന് ശേഷം തൊഴിലാളി പെൻഷനുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചത് ; പുതുക്കിയ തുകയ്ക്ക് എന്നു മുതലാണ് പ്രാബല്യം ഉള്ളത്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ധന സഹായത്തോടെ പെൻഷൻ നൽകുന്ന താഴെപറയുന്ന ബോർഡുകളിലും നിർമ്മാണതൊഴിലാളി ക്ഷേമബോർഡിലും പെൻഷൻ 01.04.2013 മുതൽ 400/- രൂപയിൽ നിന്നും 500/- രൂപയായും 01.04.2014 മുതൽ 500/- രൂപയിൽ നിന്നും 600/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന ബോർഡുകളായ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് |

കേരള കള്ള് ചെത്ത് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകൾ പെൻഷൻ വർദ്ധിപ്പിച്ചിട്ടില്ല. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് 18.05.2015 ലെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 01.06.2015 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) എന്നു വരെയുള്ള ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്തിട്ടുള്ളത്; എത്ര രൂപ കുടിശ്ശിക ഉണ്ട്; ക്ഷേമനിധി ബോർഡ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ബോർഡ് സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ കുടിശ്ശികയില്ല. എന്നാൽ സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്ന ബോർഡുകളിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെയുള്ള ബോർഡുകളിൽ 2015 ജനുവരി മുതൽ പെൻഷൻ കുടിശ്ശികയാണ്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയിലെ സ്കാറ്റേർഡ് തൊഴിലാളികൾക്ക് 2014 ഏപ്രിൽ മുതൽ കുടിശ്ശികയാണ്. ക്ഷേമനിധി ബോർഡ് തിരിച്ചുള്ള കുടിശ്ശികയുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.

(ഡി) പെൻഷൻ കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| ക്രമ നം. | ക്ഷേമനിധി ബോർഡുകളുടെ പേര് | പെൻഷൻകാരുടെ എണ്ണം |
|---|---|---|
| 1 | കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2761 |
| 2 | കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് | 524231 |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 61086 |
| 4 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 10500 |
| 5 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 30053 |
| 6 | കേരള ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ് | 8223 |
| 7 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | |
| | (എ)കേരള ബാർബർ & ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 1323 |
| | (ബി)കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി | 500 |
| | (സി)കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി | 1100 |
| | (ഡി)കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതി | 8078 |
| 8 | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾ) | 2666 |
| 9 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 317 |
| 10 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 208 |
| 11 | കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 223327 |
| 12 | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾ) | 6965 |
| 13 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 14103 |
| 14 | കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി | 112 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

| ക്രമ നം. | ക്ഷേമനിധി ബോർഡുകളുടെ പേര് | കുടിശ്ശിക |
|---|---|---|
| 1 | കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 82,83,000 |
| 2 | കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് | 154,28,14,248 |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 183258000 |
| 4 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 31500000 |
| 5 | കേരള ഈറ്റ തഴ കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ് | 25044000 |
| 6 | കേരള ബാർബർ & ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 3969000 |
| 7 | കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി | 1913400 |
| 8 | കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2,42,34,000 |
| 9 | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾ) | 77,00,356 |

സെക്ഷൻ ഓഫീസർ